# 22nd Meeting of the Working Mechanism for Consultation & Coordination on India-China Border Affairs

June 25, 2021

---

## ഇന്ത്യ -ചൈന അതിർത്തി പ്രശനങ്ങളിലെ വർക്കിങ് മെക്കാനിസം ഓഫ് കൺസൽട്ടേഷൻ & കോർഡിനേഷന്റെ 22 മത് സമ്മേളനം

ജൂൺ 25, 2021

1. ഇന്ത്യ -ചൈന അതിർത്തി പ്രശനങ്ങളിലെ വർക്കിങ് മെക്കാനിസം ഓഫ് കൺസൽട്ടേഷൻ & കോർഡിനേഷന്റെ 22 മത് സമ്മേളനം 2021 ജൂൺ 25 ന് നടന്നു. വിദേശകാര്യമന്ത്രാലയത്തിലെ അഡിഷണൽ സെക്രട്ടറി (ഈസ്റ്റ് ഏഷ്യ) ഇന്ത്യൻ വിഭാഗത്തെയും, ചെനീസ് മന്ത്രാലയത്തിലെ അതിർത്തി സമുദ്രവിഭാഗത്തിലെ ഡയറക്ടർ ജനറൽ ചൈനീസ് വിഭാഗത്തെയും നയിച്ചു.

2. ഇന്ത്യ-ചൈന അതിർത്തി മേഖലയിലെ പടിഞ്ഞാറൻ ഭാഗത്തെ യഥാർത്ഥ നിയന്ത്രണ രേഖയിലെ (LAC) സ്ഥിതിഗതികൾ സംബന്ധിച്ച് ഇരുപക്ഷവും വ്യക്തമായ ചർച്ചകൾ നടത്തി. 2020 സെപ്റ്റംബറിൽ രണ്ടു രാജ്യങ്ങളിലെയും വിദേശകാര്യ മന്ത്രിമാർ തമ്മിലുള്ള കരാർ കണക്കിലെടുത്ത് കിഴക്കൻ ലഡാക്കിലെ LACയിൽ അവശേഷിക്കുന്ന പ്രശ്നങ്ങൾക്ക് അത്രയും പെട്ടന്ന് പരിഹാരം കണ്ടെത്തേണ്ടതിന്റെ ആവശ്യകതയെ ഇരുപക്ഷവും അനുകൂലിച്ചു. ഇത് സംബന്ധിച്ച്, ഉഭയകക്ഷി ബന്ധങ്ങളിൽ പുരോഗതി സാധ്യമാക്കുന്നതിന്, ശാന്തിയും സമാധാനവും പൂർണ്ണമായി പുനഃസ്ഥാപിക്കുന്നതിനായി എല്ലാ സംഘർഷ പോയിന്റുകളിൽ നിന്നും പൂർണ്ണമായ സൈനിക പിന്മാറ്റത്തിനായി പരസ്പര സ്വീകാര്യമായ പരിഹാരത്തിലെത്താൻ നയതന്ത്ര, സൈനിക സംവിധാനങ്ങളിലൂടെ സംഭാഷണവും ആശയവിനിമയവും നിലനിർത്താൻ ഇരുപക്ഷവും സമ്മതിച്ചു. ഇകാലയളവിൽ, ഇരുപക്ഷവും പ്രദേശത്തെ സ്ഥിരത ഉറപ്പുവരുത്തുകയും അനിഷ്ട സംഭവങ്ങൾ തടയുകയും തുടരുന്നതാണെന്നും അവർ സമ്മതിച്ചു.

3. നിലവിലുള്ള ഉഭയകക്ഷി കരാറുകൾക്കും നയങ്ങൾക്കും അടിസ്ഥാനമായി പടിഞ്ഞാറൻ മേഖലയിലെ എൽഎസിയിലെ എല്ലാ സംഘർഷ പോയിന്റുകളിൽ നിന്നും പൂർണ്ണമായി സൈനിക പിന്മാറ്റമെന്ന ലക്ഷ്യം നേടുന്നതിനായി ഉന്നതല്ല സൈനിക ഉദ്യോഗസ്ഥരുടെ സമ്മേളനത്തിന്റെ അടുത്ത (12 മത്) ഘട്ടം എത്രയും നേരത്തെ നടത്താൻ ഇരുപക്ഷവും സമ്മതിച്ചു.

.

**ന്യൂ ഡൽഹി**
**ജൂൺ 25, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.